## ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി7/9304/എച്ച്.എസ്.ഇ/16

തീയതി : 22/04/2017

## സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള നിയമനം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1) ഈ ഓഫീസിലെ 26/05/2014 ലെ എഡി.ബി7/22143/എച്ച്.എസ്.ഇ/12 നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ്.

2) ഹയർ സെക്കന്ററി ഡയറക്ടറുടെ 17/04/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

സൂചന (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ഹയർ സെക്കന്ററി അദ്ധ്യാപകരോട് സൂചന (2) സർക്കുലർ പ്രകാരം 25/04/2017 തീയതിയ്ക്കുള്ളിൽ 2014, 2015, 2016 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ അദ്ധ്യാപകരിൽ പലരും മൂല്യ നിർണ്ണയക്യാമ്പിൽ പങ്കെടുക്കുന്നതിനാൽ 25/04/2017 തീയതിയ്ക്കുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയപരിധി 02/05/2017 ചൊവ്വാഴ്ച വൈകുന്നേരം 5 മണി വരെ നീട്ടി നൽകുന്നു. കോൺഫിഡൻഷ്യൽ റിപ്പോർട്ട് അയയ്ക്കുന്ന കവറിന് പുറത്ത് "പ്രിൻസിപ്പൽ പ്രമോഷൻ 2017 - കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓഫ് എച്ച്.എസ്.എസ്.ടി" എന്ന് രേഖപ്പെടുത്തേണ്ടതാണ്. അദ്ധ്യാപകർ തങ്ങളുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത ഓർഡറിന്റെ പകർപ്പ് കോൺഫിഡൻഷ്യൽ റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതും, ഭാഗികമോ, അപൂർണ്ണമോ ആയതുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഡയറക്ടർ ഇൻ ചാർജ്ജ്